**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 69** **30-06-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധന ബോട്ടുകൾക്ക് ഇന്ധന സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ സി ആർ മഹേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യബന്ധന ബോട്ടുകളിൽ ഉപയോഗിക്കുന്ന ഡീസൽ, പെട്രോൾ, സി.എൻ.ജി., എൽ.എൻ.ജി., മണ്ണെണ്ണ തുടങ്ങിയ ഇന്ധനങ്ങൾക്ക് സബ്സിഡി ലഭ്യമാക്കുവാൻ മുൻകൈയെടുക്കുമോ; ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | സി.എൻ.ജി, എൽ.എൻ.ജി തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എൻജിനുകൾ കേരളത്തിലെ മത്സ്യബന്ധന മേഖലയിൽ പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല. ഡീസൽ എഞ്ചിൻ ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രവത്കൃത യാനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ഡീസൽ സബ്സിഡി അനുവദിച്ചു വന്നിരുന്നെങ്കിലും തുടർന്ന് സബ്സിഡി ബി.പി.എൽ വിഭാഗങ്ങൾക്ക് മാത്രമായി കേന്ദ്ര സർക്കാർ നിജപ്പെടുത്തി. കേരളത്തിലെ യന്ത്രവത്കൃത ബോട്ടുടമകളിൽ ഭൂരിഭാഗവും ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടാത്തതിനാൽ നിലവിൽ ഡീസൽ സബ്സിഡി അനുവദിക്കുന്നില്ല. 2016-17 കാലഘട്ടം മുതലാണ് പെട്രോൾ ഇന്ധനമായി ഉപയോഗിക്കുന്ന ഒ.ബി.എം എഞ്ചിനുകൾ സംസ്ഥാനത്ത് മത്സ്യബന്ധനത്തിനായി ഉപയോഗിച്ചു തുടങ്ങുന്നത്. പെട്രോൾ ഇന്ധനമായി ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന ഏകദേശം 5000 മത്സ്യബന്ധന യാനങ്ങൾ നിലവിൽ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. എന്നാൽ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന പെട്രോളിന് നിലവിൽ സബ്സിഡി നൽകുന്നില്ല. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന സബ്സിഡി രഹിത മണ്ണെണ്ണ മത്സ്യബന്ധനത്തിന് വിതരണം ചെയ്യുന്നതിന് പുറമേ പൊതു വിപണിയിൽ ലഭ്യമാകുന്ന നോൺ പി.ഡി.എസ്സ് മണ്ണെണ്ണ മത്സ്യഫെഡ് മുഖേന സംസ്ഥാന സർക്കാർ 25 രൂപ സബ്സിഡി നൽകി പരമ്പരാഗത മത്സ്യബന്ധനത്തിന് അനുവദിച്ചു വരുന്നു. അർഹരായവർക്ക് എഞ്ചിൻ ക്ഷമതയുടെ അടിസ്ഥാനത്തിൽ<br><br>10 HP വരെ - 140 ലിറ്റർ |

| | | | |
|---|---|---|---|
| | | | 10 HP മുതൽ 15 HP വരെ - 150 ലിറ്റർ<br><br>15 HP ക്ക് മുകളിൽ - 190 ലിറ്റർ വരെയാണ് ഇത്തരത്തിൽ അനുവദിക്കുന്നത്. |
| (ബി) | മത്സ്യബന്ധന ബോട്ടുകളിൽ ഉപയോഗിക്കുന്ന ഡീസൽ, പെട്രോൾ എന്നിവയ്ക്ക് ഈടാക്കുന്ന റോഡ് സെസ് ഒഴിവാക്കുവാനും ഉല്പാദനച്ചെലവിന് അനുസൃതമായി മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ മണ്ണെണ്ണ നൽകുവാനും സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കുവാനും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ; | (ബി) | റോഡ് സെസ് ഒഴിവാക്കുന്നത് ഇപ്പോൾ പരിഗണനയിൽ ഇല്ല. കേന്ദ്ര സർക്കാരിൽ നിന്ന് കേരളത്തിന് ആവശ്യമായ അളവിൽ സബ്സിഡി മണ്ണെണ്ണയും സബ്സിഡി രഹിത മണ്ണെണ്ണയും അനുവദിക്ക പ്പെടാത്തതിനാൽ മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണ ലഭ്യമാക്കുന്നതിന് കഴിയുന്നില്ല എന്നത് വസ്തുതയാണ്. മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണയുടെ കാൽ ഭാഗം പോലും കേന്ദ്രം സബ്സിഡി രഹിത മണ്ണെണ്ണ (Non PDS)ആയി അനുവദിക്കുന്നില്ല. 2022-23 വർഷം ഇതുവരെ 2160 KL മണ്ണെണ്ണ ലഭ്യമാക്കുകയും മത്സ്യബന്ധനമേഖലയ്ക്ക് അത് പൂർണ്ണമായും വിതരണം ചെയ്യുകയും ചെയ്തു. നടപ്പ വർഷത്തേക്ക് ആവശ്യമുള്ള പരമാവധി മണ്ണെണ്ണ നേടിയെടുക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി വരികയാണ്. |
| (സി) | മത്സ്യബന്ധന ബോട്ടുകൾക്ക് സംസ്ഥാന സർക്കാർ മണ്ണെണ്ണ സബ്സിഡി നൽകുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (സി) | മത്സ്യഫെഡ് മുഖാന്തിരം 25 രൂപ സംസ്ഥാന സർക്കാർ സബ്സിഡിയോടെ മത്സ്യബന്ധനത്തിന് വെള്ള മണ്ണെണ്ണ അനുവദിച്ചു വരുന്നു. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻ ക്ഷമതയുടെ അടിസ്ഥാനത്തിൽ<br>10 HP വരെ - 140 ലിറ്ററും<br><br>10 HP മുതൽ 15 HP വരെ - 150 ലിറ്ററും<br><br>15 HP ക്ക് മുകളിൽ - 190 ലിറ്ററുമാണ് പ്രതിമാസം മണ്ണെണ്ണ അനുവദിക്കുന്നത്. സബ്സിഡി തുക DBT ആയാണ് അനുവദിച്ച് വരുന്നത്. |
| (ഡി) | സബ്സിഡി നൽകുന്നതിൽ സർക്കാർ കുടിശിക വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | കുടിശ്ശിക വരുത്തിയിട്ടില്ല. 2022 ഏപ്രിൽ മാസം വരെയുള്ള സബ്സിഡി വിതരണം ചെയ്തു കഴിഞ്ഞു. 2022 മെയ് മാസത്തെ സബ്സിഡി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ